നം: ഇ 2(ബി) 83734/16 സി

ജില്ലാ പോലീസ് ഓഫീസ്,
കണ്ണൂർ തീയ്യതി: 04/17

# പുനർ ലേലപരസ്യം

കണ്ണൂർ ജില്ല പോലീസ് പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കണ്ണൂർ സായുധസേനവിഭാഗം ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ട്മെൻറ് വാഹനങ്ങൾ 19/06/17 തിയ്യതി രാവിലെ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വച്ച് ദർഘാസ്/ പുനർ പരസ്യലേലം വഴി വില്പന നടത്തുന്നതാണ്.

ഇതിൽ ഡിപ്പാർട്ട്മെൻറ് വാഹനം KL01 Z 741 2002 മോഡൽ ബസ് 27/02/16 തിയ്യതി നടത്തിയ ലേലത്തിൽ ശ്രീ മനോഹരൻ. എൻ, പാലപ്പറമ്പിൽ വീട്, വട്ടുവൻകുളം, കുറ്റിയാട്ടൂർ പി.ഒ,മയ്യിൽ എന്നയാൾക്ക് 110100/- രൂപയ്ക്ക ലേലം സ്ഥിരപ്പെടുത്തി കൊടുത്തിരുന്നതാണ്. എന്നാൽ ടിയാൻ 56000/- രൂപ അടച്ചതിനുശേഷം ബാക്കി തുകയായ 54657/- (നികുതി ഉൾപ്പെടെ) നാളിതുവരെയായും സർക്കാരിലേക്ക് അടയ്ക്കാത്തതിനാലാണ് പുനർലേലം നടത്തുന്നത്. ബാക്കി തുക അടച്ച മേൽ വാഹനം കൈപ്പറ്റണമെന്ന് ടിയാനോട് 11/07/16,24/09/16,28/02/17 & 22/3/17 തിയ്യതികളിൽ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടിയാൻ ആയതിനു തയ്യാറാകാത്തതിനാൽ ടിയാൻ ആദ്യം അടച്ച തുക യായ 56000/- സർക്കാരിലേക്ക് കണ്ടു കെട്ടിയിട്ടുള്ളതാണ്.മുൻ ലേല നോട്ടീസിൽ പറഞ്ഞിരുന്നതുപോലെടി തുകയ്ക്കൊ, മേൽ വാഹനത്തിനൊ ശ്രീ. മനോഹരൻ എൻ എന്നവർക്ക് യാതൊരുവിധ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

പുനർ ലേലത്തിൽ പകെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് 1 മണിക്കൂർ മുന്പായി മേൽപറഞ്ഞ വാഹനത്തിന് താഴെ നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യം ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്

| | നമ്പർ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9942 | 2002 Model Bus | Rs. 12,000/- |
| 2 | KL 01 AA 7642 | 2003 Model Qualis | Rs. 9000/- |
| 3 | KL 01 Z 741 | 2002 Model Bus | Rs.12,000/- |

മേല്പറഞ്ഞ വാഹനങ്ങളുടെ വില്പനക്ക് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് 4 PM മണിവരെ ഡെപ്യൂട്ടി കമാണ്ടൻറിൻറെ ആഫീസിൽ സ്വീകരിക്കും. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം

ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ "വാഹനങ്ങളുടെ പുനർ ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ രജിസ്റ്റർ നമ്പറുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്. പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈകൊണ്ടയാൾ പുനർലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവെച്ച് അപ്പോൾ തന്നെ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയ്യതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ, ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാവുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേല തീയ്യതിക്കു മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ഡെപ്യൂട്ടി കമാണ്ടൻറിൻറെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേലനടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

ജി ശിവവിക്രം ഐപിഎസ്
ജില്ലാ പോലീസ് മേധാവി,
കണ്ണൂർ

പകർപ്പ് : സംസ്ഥാന പോലീസ് മേധാവി, കേരള, തിരുവനന്തപുരം,
അറിവിലേക്കായി (ആവരണക്കത്ത് സഹിതം)
: എല്ലാ പോലീസ് മേധാവികൾക്കും,. പോലീസ് കമ്മീഷണർമാർക്കും
ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും പരസ്യത്തിനുമായി.
; പോലീസ് ഇൻസ്പെക്ടർ ജനറൽ, കണ്ണൂർ റെയിഞ്ച്, കണ്ണൂരിന്

അറിവിലേക്കായി കത്ത് സഹിതം.

; സൂപ്രണ്ട്, ഗവ: പ്രസ്സ്, തിരുവനന്തപുരം.

; ഡയറക്ടർ, പബ്ലിക് റിലേഷൻ ഡിപ്പാർട്ട് മെൻറ്

; പോലീസ് സൂപ്രണ്ട്, എം.ടി, പി എച്ച് ക്യൂ, തിരുവനന്തപുരം

; ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, എം.ടി, നോർത്ത് സോൺ, കോഴിക്കോട്

; ഡെപ്യൂട്ടി കമാണ്ടൻറ്, അസി.കമാണ്ടൻറ്, എച്ച് ക്യൂ, മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ, എ.ആർ, കണ്ണൂർ എന്നിവർക്ക് അനന്തരനടപടികൾക്കും റിപ്പോർട്ടിനുമായി അയക്കുന്നു.

; സ്റ്റോക്ക് ഫയൽ ഇ 2,

; നോട്ടീസ് ബോർഡ്

This is a digitally signed document and does not require signature in ink.